# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.79** **28.10.2019-ൽ മറുപടിക്ക്**

## വിവരസാങ്കേതിക വിദ്യാമേഖലയുടെ വികസനം

**ചോദ്യം** **മറുപടി**

**ശ്രീ.റോജി എം. ജോൺ** **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | വിവരസാങ്കേതിക വിദ്യാ മേഖലയുടെ വികസനത്തിലൂന്നി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തി കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | വിവരസാങ്കേതിക വിദ്യാ മേഖലയുടെ വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തി കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കുന്നതിന് സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.<br><br>**KFON (കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക് പ്രോജക്ട്)**<br>ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-FON). ഈ പദ്ധതി വഴി സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്കും, അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുവാൻ കഴിയുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി System Integrator ആയി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>**സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK)**<br>എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് എസ്.ഡി.പി.കെ.<br>150 ലധികം ഹൈടെക് ക്ലാസ് റൂമുകളെ ടെലിപ്രസൻസ് സൊല്യൂഷൻ, ഡെഡിക്കേറ്റഡ് നെറ്റ് വർക്ക്, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം എന്നിവയുടെ സഹായത്തോടെ ഐ.ടി. പാർക്കുകളുമായി ബന്ധിപ്പിച്ച് പ്രതിവർഷം 50000 ത്തോളം വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിനും തൊഴിൽ സാദ്ധ്യതയ്ക്കുമുള്ള അവസരം ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് ആണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, എ.പി.ജെ |

| | | | |
|---|---|---|---|
| . | | | അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നീ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ കൂടി വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങളിൽ സ്റ്റുഡിയോ സജ്ജീകരിച്ച് ഇതുവഴി എഞ്ചിനീയറിംഗ് കോളേജുകളിലെ ഡിജിറ്റൽ ക്ലാസ് റൂമുകളുമായി സംവദിക്കുന്നതിന് ഇതിനകം സൗകര്യമൊരുക്കിയിട്ടുണ്ട്.<br>**<u>കേരള ബ്ലോക്ക് ചെയിൻ അക്കാഡമി (KBA)</u>**<br>ബ്ലോക്ക് ചെയിൻ പദ്ധതിക്കുള്ള പരിശീലനങ്ങളും പദ്ധതികളും ബ്ലോക്ക് ചെയിൻ "ആക്സിലേറ്റഡ് ബ്ലോക്ക് ചെയിൻ കോംപറ്റൻസി ഡെവലപ്മെന്റ് (ABCD)" കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ കീഴിലുള്ള K-DISK-ന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു. വരും കാലങ്ങളിൽ നിരവധി തൊഴിലവസരങ്ങളും സാമ്പത്തിക, റീട്ടെയിൽ, ഗതാഗത സാമൂഹിക മേഖലകളിൽ വൻ മാറ്റങ്ങൾക്കും ഈ ബ്ലോക്ക് ചെയിൻ സാങ്കേതികത വഴിയൊരുക്കും.<br>**<u>സ്റ്റാർട്ട്-അപ്പ് എക്കോ സിസ്റ്റം ഡെവലപ്മെന്റ്</u>**<br>കേരളത്തിലെ വിവര സാങ്കേതിക വിദ്യാ മേഖലയിൽ നൂതന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ട്-അപ്പ് മിഷൻ നോഡൽ ഏജൻസിയായി |

| | | | |
|---|---|---|---|
| | | | സ്റ്റാർട്ട്-അപ്പ് എക്കോ സിസ്റ്റം ഡെവലപ്മെന്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) | ആഗോള തലത്തിൽ ഐ.റ്റി അധിഷ്ഠിതമായ വ്യവസായ സംരംഭങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | ബി) | ഇതിന്റെ ഭാഗമായി ഗവൺമെന്റ് ഐ.ടി പാർക്കുകളായ ടെക്നോപാർക്കിൽ 97 ലക്ഷം ച.അടി, ഇൻഫോപാർക്കിൽ 80 ലക്ഷം ച.അടി, സൈബർപാർക്കിൽ 3 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ നടപ്പിലാക്കിവരുന്ന അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായി കൊച്ചിയിൽ വാട്ടർ മെട്രോ ഉൾപ്പെടെയുള്ള മെട്രോ ഗതാഗത സൗകര്യങ്ങൾ, തിരുവനന്തപുരത്തെ എൻ.എച്ച് ബൈപാസ് ഫ്ലൈ ഓവറുകൾ തുടങ്ങിയവയെല്ലാം ഐ.ടി അധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നവയാണ്.<br><br>**<u>ടെക്നോസിറ്റി</u>**<br><br>ടെക്നോപാർക്കിന്റെ നാലാംഘട്ട വികസന പദ്ധതിയായ ടെക്നോസിറ്റിയിൽ ഐ.ടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേയ്ക്ക് പുരോഗമിച്ച് വരുന്നു.<br><br>**<u>കേരള ടെക്നോളജി ഇന്നോവേഷൻ സോൺ.</u>**<br><br>വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നോവേഷൻ ഇൻക്യുബേറ്റർ ഹബ്ബ് ആയി കേരള ടെക്നോളജി |

| | | | |
|---|---|---|---|
| . | | | ഇന്നോവേഷൻ സോൺ കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചു വരുന്നു. ആദ്യ ഘട്ടത്തിലെ പ്രാരംഭ കെട്ടിട സമുച്ചയത്തിന്റെ പണിയും രണ്ടാമത്തെ കെട്ടിട നിർമ്മാണത്തിന്റെ ടെൻഡർ നടപടികളും പുരോഗമിക്കുന്നു. |
| സി | ലാപ്ടോപ്, സെർവർ നിർമ്മാണ യൂണിറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | സി | ലാപ്ടോപ്പുകളും, സെർവറുകളും നിർമ്മിക്കുന്നതിനായി കെൽട്രോൺ, കെ. എസ്. ഐ. ഡി. സി, സ്വകാര്യ ഐ ടി കമ്പനിയായ യു. എസ്. ടി ഗ്ലോബൽ, സ്റ്റാർട്ട് അപ്പ് കമ്പനിയായ ആക്സിലറോൺ എന്നിവർ സംയുക്തമായി 'കൊക്കോണിക്സ്' എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആരംഭിച്ചിരുന്നു. കെൽട്രോണിന്റെ മൺവിള യൂണിറ്റിൽ പ്രസ്തുത ലാപ് ടോപ് സെർവർ നിർമാണത്തിനായി ആധുനീക സജ്ജീകരണ-ങ്ങളോടു കൂടിയ നിർമ്മാണ ശാല സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും ലാപ് ടോപ് ബ്രാൻഡായ കൊക്കോണിക്സ് ഇതിനകം വിപണനത്തിന് സജ്ജമായിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ